**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *188** **11-03-2020-ൽ മറുപടിക്ക്**

## സാഹസിക വിനോദസഞ്ചാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, പി.ഉബൈദുള്ള<br>,, എൻ. ഷംസുദ്ദീൻ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (എ) | പർവ്വതങ്ങളും, കുന്നുകളും, ജലാശയങ്ങളും കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദത്തിന് ഏറ്റവും അനുയോജ്യമായതാണ്. 580 കി. മീ നീളമുള്ള സമുദ്രതീരം, 44 നദികൾ, നിബിഡ വനങ്ങൾ എല്ലാം സാഹസിക ടൂറിസത്തിന്റെ സാധ്യതകളെ ഉപയോഗിക്കുന്നതിനുള്ള പശ്ചാത്തലം ഒരുക്കുന്നു. ഈ സാധ്യതകളെ മനസ്സിലാക്കിക്കൊണ്ടാണ് സർക്കാരിന്റെ ടൂറിസം നയത്തിൽ സാഹസിക ടൂറിസം മേഖലയിലെ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സ്ഥല ലഭ്യതയ്ക്കനുസരിച്ച് ജില്ലകളിൽ അഡ്വഞ്ചർ പാർക്കുകൾ സ്ഥാപിക്കുക, അഡ്വഞ്ചർ ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി അവയെ വികസിപ്പിക്കുക എന്നതും ടൂറിസം നയത്തിൽ വ്യക്തമാക്കുന്നു.<br>സാഹസിക ടൂറിസത്തിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി മാനവ വിഭവശേഷി ഉറപ്പുവരുത്തുന്നതിനായി അഡ്വഞ്ചർ ടൂറിസം |

| | | | |
|---|---|---|---|
| | | | അക്കാദമി സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അക്കാദമി പ്രാവർത്തികമായാൽ കര, വ്യോമ, ജല മേഖലയിൽ വിവിധ അഡ്വഞ്ചർ ട്രെയിനിംഗ് കോഴ്സുകൾ നൽകുന്ന കേരളത്തിലെ ആദ്യ അക്കാദമിയാവും തിരുവനന്തപുരത്തെ ശാസ്താംപാറ അഡ്വഞ്ചർ ടൂറിസം അക്കാദമി.<br>സാഹസിക ടൂറിസത്തിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഈ മേഖലയിലെ പരിശീലന പദ്ധതികളും വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി വ്യത്യസ്തങ്ങളായ ട്രെയിനിംഗ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. വിനോദ സഞ്ചാരവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന K.I.T.T.S സാഹസിക ടൂറിസത്തിൽ വിവിധങ്ങളായ കോഴ്സുകൾ നടത്തിവരുന്നു. |
| (ബി) | സംസ്ഥാനത്ത് ദേശീയ, അന്തർദേശീയ നിലവാരമുള്ള സാഹസിക വിനോദസഞ്ചാര കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ഏതെല്ലാം സ്ഥലങ്ങളാണ് തെരഞ്ഞെടുത്തിരിക്കുന്നത്; | (ബി) | സംസ്ഥാനത്ത് ദേശീയ അന്തർദേശീയ നിലവാരമുള്ള 50 സാഹസിക വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നിലവിൽ താഴെ പറയുന്ന സ്ഥലങ്ങളിലാണ് കേരളത്തിൽ അഡ്വഞ്ചർ ആക്റ്റിവിറ്റികൾ പ്രധാനമായും നടക്കുന്നത്.<br>തിരുവനന്തപുരം ജില്ലയിൽ കോവളം, കാപ്പിൽ തുടങ്ങിയ സ്ഥലങ്ങൾ വാട്ടർ ആക്റ്റിവിറ്റിയ്ക്ക് അനുയോജ്യമായ സ്ഥലങ്ങളാണ്. പാരാ സെയിലിംഗ് തുടങ്ങിയ ആക്റ്റിവിറ്റികൾ കോവളത്ത് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. ജില്ലയിലെ നെയ്യാർ ഡാം ഇക്കോ അഡ്വഞ്ചർ ആക്റ്റിവിറ്റികൾക്ക് അനുയോജ്യമാണ്. |

| | | | |
|---|---|---|---|
| | | | കൊല്ലം ജില്ലയിൽ തെന്മല, ജഡായുപാറ, തുടങ്ങിയ സ്ഥലങ്ങളിൽ മികച്ച രീതിയിൽ അഡ്വഞ്ചർ ആക്ടിവിറ്റികൾ നടക്കുന്ന സ്ഥലങ്ങളാണ്. അഷ്ടമുടിക്കായൽ ജലസാഹസിക വിനോദങ്ങൾക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.<br>പത്തനംതിട്ട ജില്ലയിലെ ഗവി, കോന്നി തുടങ്ങിയ സ്ഥലങ്ങൾ സാഹസിക വിനോദങ്ങൾക്ക് അനുയോജ്യമാണ്.<br>ഇടുക്കി ജില്ലയിലെ മൂന്നാർ ട്രക്കിംഗ്, മൗണ്ടനീയറിംഗ് തുടങ്ങിയവയ്ക്ക് അനുയോജ്യമായ സ്ഥലങ്ങളാണ്. വാഗമൺ നിലവിൽ പാരാഗ്ലൈഡിംഗ് നടക്കുന്ന ഇന്ത്യയിലെ തന്നെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഒന്നാണ്. വാഗമണ്ണിലെ അഡ്വഞ്ചർ പാർക്കിലെ പ്രവർത്തനവും ആരംഭിച്ചുകഴിഞ്ഞു. വാഗമൺ സാഹസിക ടൂറിസത്തിന്റെ ഹോട്ട്സ്പോട്ട് ആക്കുക എന്നതാണ് ലക്ഷ്യം. കോട്ടയം ജില്ലയിലെ കുമരകം ജല സാഹസിക വിനോദത്തിന് അനുയോജ്യമായ സ്ഥലമാണ്.<br>എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട്, ചെറായി ബീച്ച് എന്നിവ സാഹസിക വിനോദത്തിന് പ്രസിദ്ധമാണ്.<br>തൃശ്ശൂർ ജില്ലയിലെ അതിരപ്പള്ളി സാഹസിക ടൂറിസത്തിന് അനുയോജ്യമായ പശ്ചാത്തലം ഒരുക്കുന്നു. പാലക്കാട് ജില്ലയിലെ പോത്തുണ്ടി ഡാമിൽ അഡ്വഞ്ചർ പാർക്കിന്റെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | മലപ്പുറം ജില്ലയിലെ കോട്ടക്കുന്നിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന അഡ്വഞ്ചർ പാർക്ക് ഉണ്ട്. കോഴിക്കോട് ജില്ലയിലെ തുഷാരഗിരി വൈറ്റ് വാട്ടർ കയാകിംഗിന് ലോക പ്രസിദ്ധമായ സ്ഥലമാണ്. തുഷാരഗിരിയിലെ അടിസ്ഥാന സൗകര്യ വികസനം സർക്കാരിന്റെ പരിഗണനയിലാണ്.<br>വയനാട് സാഹസിക ടൂറിസത്തിന് ഏറ്റവും അനുയോജ്യമായ ജില്ലയാണ്. സൈക്ലിംഗിന്റെ അന്തർദേശീയ സംഘടനയായ (U.C.I) യുടെ ഭാഗമായ ഇന്ത്യയിലെ ആദ്യത്തെ മൗണ്ടൻ സൈക്ലിംഗ് മത്സരം 'എം.റ്റി.ബി. കേരള' നടന്നത് വയനാട് ജില്ലയിലെ പ്രിയദർശിനി റ്റീ എസ്റ്റേറ്റിലാണ്. കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്, പാലക്കയം തട്ട് നിലവിൽ സാഹസിക വിനോദത്തിന് ഉതകുന്ന പ്രദേശങ്ങളാണ്.<br>കാസർഗോഡ് ജില്ലയിലെ റാണിപുരം, കോട്ടപ്പുറം സാഹസിക വിനോദസഞ്ചാരത്തിന് അനുയോജ്യമായ പ്രദേശങ്ങളാണ്. |
| (സി) | ഈ കേന്ദ്രങ്ങളിലെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | സാഹസിക ടൂറിസം വളരുന്നതോടൊപ്പം ആ മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പ വരുത്തുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. സാഹസിക വിനോദസഞ്ചാര മേഖലയിലെ സുരക്ഷാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ (KATPS) നേതൃത്വത്തിൽ ഒരു വിദഗ്ധ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ കമ്മറ്റിയുടെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ കേരളത്തിൽ ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 സാഹസിക ടൂറിസം ആക്ടിവിറ്റികളെ ഉൾപ്പെടുത്തി ഒരു സമഗ്രമായ "സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റഗുലേഷൻസ്" തയ്യാറാക്കിയിട്ടുണ്ട്.<br>സാഹസിക ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഈ റഗുലേഷൻസിന്റെ അടിസ്ഥാനത്തിൽ അവരുടെ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. കര, ജല, വ്യോമ മേഖലയിലെ സാഹസിക ടൂറിസം പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റഗുലേഷൻസ്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ടൂറിസം മന്ത്രാലയം പുറത്തിറക്കിയ സാഹസിക ടൂറിസം ഗൈഡ് ലൈൻസിന്റെ സാരംശം ഉൾപ്പെടുത്തി, എന്നാൽ നമ്മുടെ സംസ്ഥാനത്തിന്റെ ഭൗതിക സാഹചര്യങ്ങൾക്കനുസരിച്ചുള്ള രീതിയിലാണ് കേരളത്തിന്റെ സാഹസിക ടൂറിസം റഗുലേഷൻസ് തയ്യാറാക്കിയിരിക്കുന്നത്. ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന റഗുലേഷൻസ് പുതുതായി നിലവിൽ വരുന്ന സാഹസിക ആക്ടിവിറ്റികളെ ഉൾക്കൊള്ളിച്ചുകൊണ്ട് കാലാനുസൃതമായ മാറ്റങ്ങൾ വരുത്താവുന്നതാണ്.<br>ഇതോടൊപ്പം തന്നെ വിനോദ സഞ്ചാര വകുപ്പ് അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സിനായി ഒരു രജിസ്ട്രേഷൻ സിസ്റ്റവും നടപ്പിലാക്കുകയാണ്. സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റഗുലേഷൻസിന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചായിരിക്കും രജിസ്ട്രേഷൻ നൽകുക. |

| | | | |
|---|---|---|---|
| | | | ഈ രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനായി നടപ്പിൽ വരുത്തേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ താഴെപറയുന്നു.<br>1. ആ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെ യോഗ്യതയും അനുഭവ ജ്ഞാനവും<br>2. ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം<br>3. പ്രഥമശുശ്രൂഷയിൽ ഉണ്ടായിരിക്കേണ്ട അറിവ്<br>4. ആക്ടിവിറ്റികളിൽ പങ്കെടുക്കുന്നവർക്കും ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ<br>5. ആക്ടിവിറ്റികളിൽ പങ്കെടുക്കുമ്പോൾ ഉണ്ടാകാൻ ഇടയുള്ള റിസ്കിനെക്കുറിച്ച് പങ്കെടുക്കുന്നവരെ ബോധവാന്മാരാക്കുന്നതിനുള്ള നടപടികൾ<br>സംസ്ഥാനത്ത് സാഹസിക വിനോദ സഞ്ചാരമേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യക്തികളും സ്ഥാപനങ്ങളും സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് നിശ്ചിത സമയത്തിനുള്ളിൽ രജിസ്ട്രേഷൻ സമ്പ്രദായത്തിന്റെ ഭാഗമാകേണ്ടതുണ്ട്. |

**സെക്ഷൻ ഓഫീസർ**